# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ: 1427

06.03.2018-ൽ മറുപടി പറയേണ്ടത്

**ക്ഷേമനിധി ബോർഡ്/സൊസൈറ്റി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.ടി.എ. റഹീം | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്കായി ഒരു ക്ഷേമനിധി ബോർഡ്/സൊസൈറ്റി രൂപീകരിക്കുന്നതിന് വകുപ്പ് തലത്തിൽ 06.02.2017-ന് തീരുമാനമെടുത്തിരുന്നോ; | (എ) | തീരുമാനമെടുത്തിരുന്നു. |
| (ബി) | ഈ വിഷയത്തിൽ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (ബി) | പഞ്ചായത്ത് വകുപ്പ് അഡീഷണൽ ഡയറക്ടറെ കൺവീനറാക്കി 18.05.2017-ലെ സ.ഉ, (സാധാ) നം. 1621/17/തസ്വഭവ ഉത്തരവ് പ്രകാരം (അനുബന്ധം1) ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഉപസമിതി പ്രസ്തുത വിഷയത്തിൽ ശുപാർശകളൊന്നും സർക്കാരിന് സമർപ്പിച്ചിട്ടില്ല. |
| (സി) | സർക്കാരിന് ചെലവ് വരാത്ത വിധത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിഹിതം ഈടാക്കി സൊസൈറ്റി രൂപീകരിക്കുന്നത് പരിഗണിക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | സ.ഉ.(സാധാ) നം.1621/2017/തസ്വഭവ തീയതി 18.05.2017 പ്രകാരം എടുത്ത നടപടികൾ വ്യക്തമാക്കാമോ; | (ഡി) | ഉപസമിതി ഈ വിഷയത്തിൽ ശുപാർശകളൊന്നും സർക്കാരിന് സമർപ്പിച്ചിട്ടില്ല. |
| (ഇ) | ഇതു സംബന്ധിച്ച് ചേർന്ന യോഗത്തിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ? | (ഇ) | മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിന് ഉപസമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1621/2017/തസ്വഭവ          തിരുവനന്തപുരം, തീയതി, 18.05.2017.

================================================================

പരാമർശം:- 06.02.2017-ൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്.

## ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികളുടെ വിവിധ ആവശ്യങ്ങൾ പഠിക്കുന്നതിനും മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിനും വേണ്ടി താഴെപറയുന്നവർ അംഗങ്ങളായി ഒരു ഉപസമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ. എം.പി.അജിത്കുമാർ, അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് (**കൺവീനർ**)

**അംഗങ്ങൾ**

1. ഡോ.മുഹമ്മദ് അഷീൽ, എക്സിക്യൂട്ടീവ് ഡയറക്ടർ, സാമൂഹ്യ സുരക്ഷാ മിഷൻ
2. ശ്രീ. പി.വിശ്വംഭരപ്പണിക്കർ, ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
3. ശ്രീ.വി.വി.രമേശൻ, ചെയർമാൻ, മുനിസിപ്പൽ ചെയർമെൻസ് ചേംബർ.
4. ശ്രീ.കെ.വി.അബ്ദുറഹിമാൻ, പ്രസിഡന്റ്, ആൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ
5. ശ്രീ.പി.അപ്പുക്കുട്ടൻ, പ്രസിഡന്റ്, കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്, കുരുവട്ടൂർ പി.ഒ., കോഴിക്കോട്
6. ശ്രീ.എൻ.എ.അസീസ്, പ്രസിഡന്റ്, ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് & കൗൺസിലേഴ്സ് ഓഫ് കേരള, സ്റ്റേറ്റ് കമ്മിറ്റി

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.പി.വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം

ഉപസമിതിയിലെ എല്ലാ അംഗങ്ങൾക്കും

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികളുടെ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ 06.02.2017-ൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പുകൾ**

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികളുടെ വിവിധ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനായുള്ള ഒരു യോഗം ബഹു. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ 06.02.2017 5.30 p.m.-ന് ചേർന്നു. ഈ യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് നിരവധി നിവേദനങ്ങൾ ലഭിക്കുന്നുണ്ടെന്നും ആയതിനാൽ മുൻ അംഗങ്ങൾ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങളും ആവശ്യങ്ങളും പരിഹരിക്കുന്നതിനായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ഇതിന് ആവശ്യമായ കാര്യങ്ങൾ പരിശോധിക്കുന്നതിനായി ഒരു ഉപസമിതി രൂപീകരിക്കുന്നതിനും യോഗത്തിൽ തീരുമാനമെടുത്തു. പഞ്ചായത്ത് പ്രസിഡൻസ് അസോസിയേഷൻ, മുനിസിപ്പൽ ചെയർമാൻസ് ചേംബർ, ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ എന്നിവരുടെ പ്രതിനിധികൾ, പഞ്ചായത്ത് വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. എം.പി. അജിത്കുമാർ തുടങ്ങിയവരെ ഉപസമിതി അംഗങ്ങളായി തെരഞ്ഞെടുക്കാൻ യോഗം ശുപാർശ ചെയ്തു. തുടർന്ന് മുൻ അംഗങ്ങളുടെ സംഘടനകൾ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ യോഗം ചർച്ച ചെയ്തു.

സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ മുൻ ജനപ്രതിനിധികളെയും ഉൾപ്പെടുത്തണമെന്നും എല്ലാ മുൻ ജനപ്രതിനിധികൾക്കും ചികിത്സാ ധനസഹായം ലഭിക്കത്തക്കവിധം പദ്ധതി പരിഷ്കരിക്കണമെന്നും സംഘടനാ പ്രതിനിധികൾ ആവശ്യപ്പെട്ടു. തുടർന്ന് നിലവിലുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതിയെപ്പറ്റി സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ വിശദീകരിച്ചു. നിലവിൽ സാമൂഹ്യസുരക്ഷാ മിഷനിലേക്ക് വിഹിതം അടയ്ക്കുന്ന പഞ്ചായത്തുകളിലെ മുൻ ജനപ്രതിനിധികൾക്ക് മാത്രമേ ചികിത്സാധനസഹായം ലഭ്യമാക്കുകയുള്ളൂ എന്ന് സാമൂഹ്യ

സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. എന്നാൽ ഈ പദ്ധതി കൊണ്ട് ഒരു പ്രയോജനവും മുൻ അംഗങ്ങൾക്ക് ലഭിക്കുന്നില്ലെന്ന് സംഘടനാ പ്രതിനിധികൾ പരാതിപ്പെട്ടു. മുൻ ജനപ്രതിനിധികൾക്ക് മാത്രമായി ഒരു ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കണമെന്നും അതിനായി പഞ്ചായത്തുകൾ അടയ്ക്കേണ്ട കൃത്യമായ വിഹിതം ഓരോ പഞ്ചായത്തുകൾക്കും നിശ്ചയിച്ചു നൽകണമെന്നും സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറോട് പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശിച്ചു. ഇതുമായി ബന്ധപ്പെട്ട കൂടുതൽ നിർദ്ദേശങ്ങൾ ഉപസമിതി മുമ്പാകെ അവതരിപ്പിക്കാമെന്ന് യോഗത്തിൽ തീരുമാനമെടുത്തു.

മുൻ ജനപ്രതിനിധികൾക്കായി ക്ഷേമനിധി രൂപീകരിക്കണമെന്നും നിലവിലുള്ള അംഗങ്ങളെക്കൂടി ഇതിന്റെ പരിധിയിൽപ്പെടുത്തണമന്നും വിവിധ സംഘടനാ പ്രതിനിധികൾ അഭിപ്രായപ്പെട്ടു. മുൻ അംഗങ്ങൾക്കെല്ലാം ഉപാധിരഹിത പെൻഷൻ അനുവദിക്കണമെന്ന് പ്രതിനിധികൾ ആവശ്യപ്പെട്ടെങ്കിലും ഈ ആവശ്യം തൽക്കാലം പരിഗണിക്കാൻ കഴിയില്ലെന്ന് ബഹു.മന്ത്രി അറിയിച്ചു. പഞ്ചായത്തുകൾ നടത്തുന്ന വിവിധ പരിപാടികളിലും പഞ്ചായത്ത് ദിനാഘോഷ ചടങ്ങിലും മുൻ ജനപ്രതിനിധികൾക്ക് അർഹമായ പരിഗണന ഉണ്ടാകണമെന്ന് യോഗത്തിൽ ആവശ്യമുയർന്നു. തുടർന്ന് മുൻ ജനപ്രതിനിധികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള നിവേദനം ബഹു.മന്ത്രിക്ക് സമർപ്പിച്ചു.

യോഗം 6.30-ന് അവസാനിച്ചു.

97

**യോഗത്തിൽ പങ്കെടുത്തവർ:**

1. ശ്രീമതി റ്റി.വി. അനുപമ,സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ
2. ശ്രീ എം.പി.അജിത് കുമാർ, ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്
3. ശ്രീമതി ഉഷ കാന്തി, ലോ ഓഫീസർ, നഗരകാര്യ ഡയറക്ടറേറ്റ്
4. ഡോ.മുഹമ്മദ് അഷീൽ,എക്സിക്യൂട്ടീവ് ഡയറക്ടർ,സാമൂഹ്യ സുരക്ഷാ മിഷൻ.
5. ശ്രീ പി.വിശ്വംഭരപണിക്കർ,ജനറൽസെക്രട്ടറി,കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
6. ശ്രീ കെ.വി അബ്ദുറഹിമാൻ, പ്രസിഡന്റ്,ആൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ, സ്റ്റേറ്റ് കമ്മിറ്റി
7. ശ്രീ ബി.സുഭാഷ്, ഓർഗനൈസിങ്ങ് സെക്രട്ടറി, ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് & കൗൺസിലേഴ്സ് അസോസിയേഷൻ ഓഫ് കേരള,സ്റ്റേറ്റ് കമ്മിറ്റി
8. ശ്രീ ഡി.ജയകുമാർ,ട്രഷറർ, ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് & കൗൺസിലേഴ്സ് അസോസിയേഷൻ ഓഫ് കേരള, സ്റ്റേറ്റ് കമ്മിറ്റി
9. ശ്രീ ബി.ജയകുമാർ, ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് & കൗൺസിലേഴ്സ് അസോസിയേഷൻ
10. ശ്രീ എൻ.എ.അസീസ്,പ്രസിഡന്റ്, ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് & കൗൺസിലേഴ്സ് ഓഫ് കേരള ,സ്റ്റേറ്റ് കമ്മിറ്റി
11. ശ്രീ ബി.എസ്.ഇന്ദ്രൻ, സെക്രട്ടറി, ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് & കൗൺസിലേഴ്സ് അസോസിയേഷൻ ഓഫ് കേരള.
12. ശ്രീ ബി.സെയ്ദലവി, ഓർഗനൈസിങ്ങ് സെക്രട്ടറി, ആൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ ,സ്റ്റേറ്റ് കമ്മിറ്റി
13. ശ്രീ ആനക്കോട്ടൂർ വാസുദേവൻപിള്ള, ജനറൽ സെക്രട്ടറി,ആൾ കേരള എക്സ്.ലോക്കൽ ബോഡി മെമ്പേഴ്സ് വെൽഫയർ ഫോറം, സ്റ്റേറ്റ് കമ്മിറ്റി
14. ശ്രീ തോട്ടക്കാട് ശശി, വർക്കിംഗ് പ്രസിഡന്റ്, ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് & കൗൺസിലേഴ്സ് അസോസിയേഷൻ ഓഫ് കേരള.,സ്റ്റേറ്റ് കമ്മിറ്റി

15. ശ്രീ എം.അഷറഫ്, പരവൂർ, സംഘടനാ പ്രതിനിധി
16. ശ്രീ പി.അപ്പുക്കുട്ടൻ, സംഘടനാ പ്രതിനിധി
17. ശ്രീ സൂപ്പി നരിക്കാട്ടേരി, സംഘടനാ പ്രതിനിധി
18. ശ്രീ സി.മോഹനൻ പിള്ള, സംഘടനാ പ്രതിനിധി
19. ശ്രീ കരീം പന്നിത്തടം, സംഘടനാ പ്രതിനിധി
20. ശ്രീ സി.കെ.എ.റസാക്ക്, സംഘടനാ പ്രതിനിധി
21. ശ്രീ പനവൂർ രാജശേഖരൻ, സംഘടനാ പ്രതിനിധി
22. ശ്രീ ഇടക്കുന്നിൽ മുരളി, സംഘടനാ പ്രതിനിധി
23. ശ്രീ എ.ടി.ശ്രീധരൻ, സംഘടനാ പ്രതിനിധി
24. ശ്രീ വി.ഗോപകുമാർ, ആനക്കോട്ടൂർ, സംഘടനാ പ്രതിനിധി
25. ശ്രീ ആർ. സത്യപാലൻ ആനക്കോട്ടൂർ, സംഘടനാ പ്രതിനിധി
26. ശ്രീ വി.ശ്രീകുമാർ, സംഘടനാ പ്രതിനിധി
27. ശ്രീ സി.എ.മുഹമ്മദ് കോഴിക്കോട്, സംഘടനാ പ്രതിനിധി
28. ശ്രീ വിളപ്പിൽ ജയകുമാർ, തിരുവനന്തപുരം, സംഘടനാ പ്രതിനിധി
29. ശ്രീ സി.എൻ.ഗോവിന്ദൻകുട്ടി, സംഘടനാ പ്രതിനിധി
30. ശ്രീ കെ.വിളവൂർക്കൽ രാജേന്ദ്രൻ, സംഘടനാ പ്രതിനിധി